ബാലരാമപുരത്ത് 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടി

111 (278) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ ബാലരാമപുരത്ത് 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ നടപടികൾ ഏതുവരെയായി;

(ബി) ഈ സബ് സ്റ്റേഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിൽ പോലും മന:പൂർവ്വം കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് മറ്റെന്തെങ്കിലും അധികചുമതല നൽകി മാറ്റി നിറുത്തിയിട്ടുണ്ടോ;

(ഡി) എത്രയും വേഗം ഈ സബ് സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന്റെ കോമ്പൗണ്ടിൽ ഒരു ഏക്കർ സ്ഥലം കണ്ടെത്തുകയും, വ്യവസായ വകുപ്പിന്റെ അനുമതിയോടുകൂടി മാർക്കറ്റ് റേറ്റിന് വസ്തു ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ടേൺ കീ അടിസ്ഥാനത്തിൽ നിർമ്മിക്കുവാൻ നിശ്ചയിച്ചിട്ടുള്ള 33 കെ.വി. ശൃംഖലയുടെ അടങ്കൽ തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ പദ്ധതികളെല്ലാം കൂടി മൊത്തമായി ടേൺ കീ അടിസ്ഥാനത്തിൽ കരാർ കൊടുക്കേണ്ടതുകൊണ്ടാണ് കാലതാമസം വരുന്നത്.

(സി) ഇല്ല.

(ഡി) ദർഘാസ് വിളിക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുന്നു.

ബ്രഹ്മപുരം, കോഴിക്കോട് നിലയങ്ങളിലെ വൈദ്യുതി

112 (279) ശ്രീ. എം. മുരളി:
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മപുരം, കോഴിക്കോട് നിലയങ്ങളിൽ നിന്നും ഉല്പാദനം ആരംഭിച്ചതു മുതൽ 31-1-2000 വരെ എത്ര യൂണിറ്റ് വൈദ്യുതി ഓരോ നിലയത്തിൽ നിന്നും ഉല്പാദിപ്പിച്ചു;

(ബി) ഈ നിലയങ്ങളിൽ പ്രസ്തുത കാലയളവിലെ വൈദ്യുതി ഉല്പാദനത്തിന് എത്ര തൂക്കയുടെ ഇന്ധനം ഉപയോഗിച്ചു;

LIBRARY ARCHIVES Kerala Legislative Assembly